# വചന വിചിന്തനം : മാർച്ച് 1 ഞായർ, 2009

**മത്താ. 7 : 15-27**

**വ്യാജപ്രവാചകന്മാർ**

എല്ലാക്കാലത്തും എല്ലാദേശങ്ങളിലുമുള്ള മതബോധനത്തിന് പ്രവാചകൻ എന്ന ഒരു സങ്കല്പമുണ്ട്. കാലാകാലങ്ങളിൽ വിശ്വാസികളായ മനുഷ്യർക്ക് തിരുത്തലിന്റെയും ശാസനയുടെയും ദൈവഭാഷണങ്ങളും, ഭാവിയെക്കുറിച്ചുള്ള ദീർഘദർശനങ്ങളുമായി അവർ വിശ്വാസികളുടെ സമൂഹത്തിൽ ഉണ്ടായിരുന്നു.

പ്രവാചകൻ സമൂഹത്തിന്റെ അനിവാര്യമായ സാന്നിധ്യമായിരുന്ന കാലത്ത് അവർ ഏറെ ആദരിക്കപ്പെട്ടിരുന്നു. ആളുകൾ അവർക്കു നല്കുന്ന സ്നേഹവും ബഹുമാനവും അവരുടെ വാക്കുകൾക്കു നൽകുന്ന ആധികാരികതയും കണ്ട് ആകൃഷ്ടരായ മറ്റു ചിലരും പ്രവാചകരുടെ വേഷമണിഞ്ഞ് ജനങ്ങളെ സമീപിച്ചു തുടങ്ങി. വ്യാജമായത് ആരെന്ന് തിരിച്ചറിയാനാവാതെ കുഴങ്ങുന്ന ജനത്തിന് പ്രവാചകനെ പരീക്ഷിച്ചറിയാനുള്ള -acid test- ആത്യന്തികപരിശോധനാമാർഗ്ഗം  നിർദ്ദേശിക്കുകയാണ് ക്രിസ്തു ഇന്നത്തെ സുവിശേഷത്തിൽ.

പഴയനിയമ കാലഘട്ടത്തിൽ വ്യാജപ്രവാചകന്മാരെയും ദൈവത്തിന്റെ അഭിഷേകം ലഭിക്കാത്ത രാജാക്കന്മാരെയും സൂചിപ്പിച്ചിരുന്ന വാക്കാണ് ചെന്നായ്. (Ez.22,27; Zeph.3,3) ഈശോയുടെ കാലഘട്ടത്തിലും ഈ പ്രയോഗം കൂടുതൽ ശക്തമായ അർത്ഥത്തോടെ നിലനിന്നിരുന്നു. ശിഷ്യന്മാരെ പ്രേഷിത വേലയ്ക്കായി പറഞ്ഞയയ്ക്കുമ്പോൾ 'ചെന്നായ്ക്കളുടെ ഇടയിൽ ചെമ്മരിയാടുകളെന്നപോലെ' എന്നാണ് ക്രിസ്തു പറയുന്നത്. എന്നാൽ ഇന്നത്തെ സുവിശേഷത്തിലാകട്ടെ, ഈ കടിച്ചു ചീന്തുന്ന ചെന്നായ്ക്കൾ ആട്ടിൻ തോലണിഞ്ഞ് പുറമെ ആടുകളെപോലെ കാണപ്പെടുന്നു എന്നുകൂടി ക്രിസ്തു നമ്മെ ജാഗ്രതപ്പെടുത്തുന്നുണ്ട്. ഗ്രീസിൽ ദാർശനികരായ ഗുരുക്കന്മാർക്ക് 'ദാർശനികന്റെ മേലങ്കി' (Philosophers Robe) അവരുടെ ആധികാരികമായ വസ്ത്രമായിരുന്നു. യഹൂദന്മാർക്കാകട്ടെ, ആട്ടിൻ തോലുകൊണ്ടുണ്ടാക്കിയതും (Sleevless) കൈയും തോളും മൂടാത്തതുമായ ഒരു വസ്ത്രമായിരുന്നു പ്രവാചകന്മാരുടെ യൂണിഫോം. മറ്റുള്ളവരിൽ നിന്നും ഒരു പ്രവാചകനെ വേറിട്ടു നിർത്തിയിരുന്നത് ഈ ആട്ടിൻ തോലുകൊണ്ടുള്ള വസ്ത്രമാണ്. പ്രവാചകന്മാരല്ലാത്തവരും ഇത്തരം വസ്ത്രമണിഞ്ഞ് സഭകൾ തോറും സഞ്ചരിക്കുകയും വിശ്വാസികളെ വഴിതെറ്റിക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് AD 85-ൽ മത്തായി ശ്ലീഹ ക്രിസ്തുവിന്റെ ഈ വചനങ്ങളെ സുവിശേഷങ്ങളിലൂടെ ഓർമ്മിപ്പിച്ചത്.

മുന്തിരിപഴങ്ങൾക്ക് സമാനമായ കായ്കൾ ഉണ്ടാകുന്ന ഒരുതരം മുൾച്ചെടികൾ(buckshorn) പാലസ്തീനായിൽ സുലഭമായിരുന്നു. അതുപോലെ തന്നെ അത്തിമരത്തിന്റെ പൂവിനു സമാനമായ പൂക്കൾ വിടർത്തുന്ന ഞെരിഞ്ഞിലും. ദൂരെ നിന്നു നോക്കുമ്പോൾ അത്തി പൂത്തതായെ തോന്നുകയുള്ളു. ഈ രണ്ടു സാദൃശങ്ങൾ കൂടി വ്യാജപ്രവാചകരെക്കുറിച്ചു പറയുമ്പോൾ ക്രിസ്തു ഉപയോഗിക്കുന്നു.

ഇവ മൂന്നും ഒറിജനലുമായി വളരെ സാദൃശ്യമുള്ളവയാണ്. Dublicates that excells even the originals ! കണ്ണഞ്ചിപ്പിക്കുന്ന ചൈനമാർക്കറ്റിലെ സാധനങ്ങൾ പോലെ.

പക്ഷെ ക്രിസ്തുവാകട്ടെ അവയുടെ ദൃശ്യമാസ്മരികതയോ സാദൃശ്യംകൊണ്ടോ അല്ല

മറിച്ച് ഫലങ്ങൾ കൊണ്ട് തിരിച്ചറിയാൻ നമ്മോട് ആവശ്യപ്പെടുന്നു. നല്ല വൃക്ഷം നല്ല ഫലങ്ങളും ചീത്ത വൃക്ഷം ചീത്ത ഫലങ്ങളുമാണ് നല്കുന്നത് എന്നു പറഞ്ഞുകൊണ്ട് പ്രവാചകന്മാരെ അവരുടെ ഫലങ്ങളിൽ നിന്ന് അറിയുക- പ്രബോധനങ്ങളിൽ നിന്നും ജീവിതത്തിൽ നിന്നും അറിയുക- എന്ന് ക്രിസ്തു സഭയെ പഠിപ്പിക്കുന്നു.

എന്തൊക്കെ ആയിരിക്കാം ഈശോയുടെ കാലഘട്ടത്തിലെ ചീത്തവൃക്ഷങ്ങളായ വ്യാജ പ്രവാചകന്മാർ പുറപ്പെടുവിച്ച ചീത്ത ഫലങ്ങൾ.

1. ആന്തരികതയെ ഊന്നാതെ അനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം കൊടുത്തു.

2. 'അരുതുകൾ' 'thou shall not' മുഖ്യവിഷയമാകുകയും ജീവിതത്തിൽ ചെയ്യേണ്ട നന്മകൾ അവഗണിക്കുകയും ചെയ്തു.

3. 'ഇടുങ്ങിയ വാതിൽ' എന്നു ക്രിസ്തു വിശേഷിപ്പിക്കുന്ന അനുദിന ജീവിതത്തിന്റെ ഞെരുക്കമുള്ള വഴിയെ- സഹനങ്ങളുടെ ജീവിതത്തെ അവമതിക്കുകയും സുഖാനുഭവങ്ങളുടെ, അനുഗ്രഹങ്ങളുടെ, വിശാലവീഥിയുടെ -easy religion- അനായാസ മതജീവിതം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

4. മനുഷ്യരെ വിഭാഗങ്ങളായി തിരിച്ചു.

വിവിധ വർഗ്ഗങ്ങളായി മനുഷ്യരെ തരം തിരിച്ച് വർഗ്ഗങ്ങൾ തമ്മിലുള്ള സമരങ്ങളും സംഘർഷങ്ങളും വളർത്തി. ഒരാട്ടിൻ പറ്റവും ഒരിടയനും എന്ന ക്രിസ്തു സങ്കല്പത്തെ വർഗ്ഗ സമരങ്ങളിലൂടെ അതിജീവനത്തിന്റെ തന്ത്രങ്ങൾ മെനയുന്ന നവനാസികളുടെയും നവ കമ്മ്യൂണിസ്റ്റുകളുടെയും ആദിമ സിദ്ധാന്തം വളർത്തി.

വ്യാജപ്രവാചകന്മാരും പ്രബോധകരും ഇന്നും സജീവമാണ്. ആട്ടിൻ തോലണിഞ്ഞുകടിച്ചുകീറാൻ തക്കം പാർത്തു കഴിയുന്ന, ഇടയന്റെ കരുണയിലും പരിപാലനയിലും ആട്ടിൻ പറ്റത്തിനിടയിൽ അവരിലൊരുവനായി കഴിയുന്ന ചെന്നായ്ക്കൾ ഇന്ന് ഏറി വരുന്നുണ്ട്. പെന്റക്കോസ്റ്റലിസവും സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനങ്ങളും ഇപ്രകാരം തിരിച്ചറിയപ്പെടേണ്ടവരാണ്. അനുഷ്ഠാനങ്ങൾക്ക് ആത്യന്തിക മൂല്യം കല്പിച്ച് നിലവിളക്കും, ഓടുതാങ്ങിയും മറ്റും എടുത്തു മാറ്റിക്കുകയും ഇതരമതസ്ഥരോടുള്ള ക്രിസ്തു സഹജമായ സ്നേഹത്തിന്റെ സഹവർത്തിത്വത്തെയും സമഭാവനാ ജീവിതത്തേയും തകിടം മറിക്കുകയും ചെയ്യുന്നവർ ഇന്നും സഭയ്ക്കുള്ളിലുണ്ട്.

സഹനങ്ങൾ ദൈവഹിതമല്ല എന്ന് പ്രഖ്യാപിച്ച് അനുഗ്രഹങ്ങൾ, രോഗശാന്തികൾ എന്നിവ മൊത്തമായി കച്ചവടം ചെയ്ത് നാശത്തിലേക്കു നയിക്കുന്ന വിശാല വീഥികളുടെ വക്താക്കളുണ്ട്. (eg. ദേവസ്യ മുല്ലക്കര, തങ്കു ബ്രദർ)

സമാധാനത്തിൽ ജീവിക്കുന്ന കേരള സമൂഹത്തിൽ ക്രൈസ്തവരെ നവീനജന്മി വർഗ്ഗമായി പ്രഖ്യാപിച്ചുകൊണ്ട് ( 2009, Feb.27, വെള്ളി ദീപിക പത്രം കാണുക) ടെക്നിക്കൽ ഹയർസെക്കന്ററി വാർഷിക പരീക്ഷ, Humanition paper-ലെ ചോദ്യം. (1) ക്രിസ്തീയ സഭകളുടെ കൈവശമുണ്ടായിരുന്ന അളവറ്റ സമ്പത്തിനോട് താരതമ്യപ്പെടുത്താവുന്ന ഒരവസ്ഥ കേരള ചരിത്രത്തിൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് നിലനിന്നിരുന്നുവോ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

പുതിയ വർഗ്ഗസമരം പ്രഖ്യാപിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റുകൾ!! സഭാസ്വത്തുക്കൾ കണ്ടുകെട്ടി

സർക്കാർ ഉദ്യോഗസ്ഥരെകൊണ്ടും രാഷ്ട്രീയപാഷാണങ്ങളെ കൊണ്ടും ഭരിപ്പിക്കാനുള്ള നിയമ പരിഷ്കരണ നിർദ്ദേശങ്ങളുയർത്തിയ നീതിന്യായത്തിന്റെ ഗൗണണിഞ്ഞ ചെന്നായ്ക്കൾ..... വിവാഹത്തിന്റെ പവിത്രതയെയും ജീവന്റെ മഹനീയതയെയും നിയമനിർമ്മാണ നിർദ്ദേശങ്ങളിലൂടെ നമസ്കരിക്കുന്ന അധികാര ലോബികൾ.

പിൻവിളി:1

ഇന്ന് വ്യാജ പ്രവാചകന്മാരെ ഉള്ളു

പ്രവാചകന്മാരെ കാണാനില്ല.

പ്രവാചകശബ്ദവുമായി ഉയർന്നുവരുന്നവരാകട്ടെ

സഭയ്ക്കുള്ളിലെ ആന്തരിക സംഘർഷങ്ങളും

ഈഗോക്ലാഷുകളും നിമിത്തം

പ്രവാചകരായി അറിയപ്പെടാതെയും പോകുന്നു.

പ്രവാചകരില്ലാതെ പോയാൽ

മുന്തിരിയെന്ന് നടിച്ച് ആളുകൾ മുൾപ്പഴങ്ങൾ തിന്നു തുടങ്ങും.

അത്തിപ്പഴമെന്ന് നിനച്ച് ഞെരിഞ്ഞിൽച്ചെടികൾതേടി നടക്കും.

ക്രിസ്തുവിന്റെ അജഗണങ്ങളെ എകെജി സെന്ററിന്റെ തൊഴുത്തിൽ കണ്ടുമുട്ടുന്നതുവരെ നാം പ്രവാചകന്മാരെ കൊല്ലുകയും അയയ്ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്ന ജറുസലെമിനെപ്പോലെ നിഗളിക്കും. പിന്നെ ജറുസലേം പുത്രിമാരെപ്പോലെ കരഞ്ഞിട്ടെന്തു ഫലം?

പിൻ വിളി-2

'ദീപിക' എന്ന പ്രവാചകനെ സഭയേറ്റെടുത്തു എന്ന് വാർത്ത വന്നിട്ട് വർഷമൊന്നു കഴിഞ്ഞു. ഈ പ്രവാചകനെ സ്വീകരിക്കാൻ നാമെന്തു ചെയ്തു?

**ഫാ. മാത്യു അരിപ്ലാക്കൽ.**